# സമാന്തരങ്ങളിലെ ചില സമാനതകൾ

ഡോ. സി.ആർ. സുശീലാദേവി

ഇടശ്ശേരി ഗോവിന്ദൻനായരും വൈലോപ്പിള്ളി ശ്രീധരമേനോനും ഈ ശതകത്തിലെ മലയാളകവിതയ്ക്കു വരമായി ഭവിച്ച അപൂർവം കവികളിൽ ഉൾപ്പെടുന്നു. ജീവിതാവബോധത്തിലും കാവ്യസങ്കല്പത്തിലും ശൈലിയിലും ദർശനത്തിലും മൗലികത പുലർത്തിയ ഈ കവിദ്വന്ദ്വം സമാന്തരങ്ങളായി വർത്തിച്ചുകൊണ്ടു നമ്മുടെ കവിതയ്ക്കു നിത്യനവത്വം നല്കി. കവിത്വത്തിന്റെ സമാന്തരധാരകൾ കവിതയിൽ സൃഷ്ടിച്ച “വൈചിത്ര്യഭംഗിഭണിതി”കൾ ആസ്വാദകന് അന്നും ഇന്നും എന്നും ആകർഷകമാണ്. ഇടശ്ശേരിക്ക് (1906) വൈലോപ്പിള്ളിയെക്കാൾ (1911) അഞ്ചുവർഷത്തെ മൂപ്പു കൂടുമെങ്കിലും ഇരു കവികളും എല്ലാ അർത്ഥത്തിലും സമകാലികരും സാർവ്വകാലികരുമായിരുന്നു. ഒരേ കാലഘട്ടത്തിലെ സാമൂഹിക ജീവിതം ഉൾക്കൊണ്ട് തങ്ങളുടെ സർഗ്ഗാത്മകതയ്ക്കു സാഫല്യം നല്കിയ സമകാലികരായ കവികളിൽ പ്രകടമാകുന്ന സമാന്തരതകളെപ്പറ്റി നമുക്കറിയും. ഒരേ വർഷം ജനിച്ചു പരസ്പരം ആദരിച്ചുപോന്ന വൈലോപ്പിള്ളി ശ്രീധരമേനോനെയും ചങ്ങമ്പുഴ കൃഷ്ണപിള്ളയേയും ചേർത്തു നിറുത്തി കവിതയിലെ സമാന്തര വ്യക്തിത്വങ്ങളെപ്പറ്റി ഒ.എൻ.വി. കുറുപ്പ് അവലോകനം ചെയ്തിട്ടുണ്ട്. തത്തുല്യമായ ഒരന്വേഷണം ഇടശ്ശേരിയെയും വൈലോപ്പിള്ളിയെയും സംബന്ധിച്ചു പ്രസക്തമാണ്. എന്നാലിത് ഈ കവികളുടെ രചനകളിലെ സമാന്തരഭാവങ്ങൾക്കു നിയാമകമായി വർത്തിക്കുന്ന സമാനതകളെക്കുറിച്ചുള്ള സഹൃദയനിഷ്ഠമായ അന്വേഷണമാണ്.

ഇടശ്ശേരിക്കവിതയിലെയും വൈലോപ്പിള്ളിക്കവിതയിലെയും സമാന്തരതകൾക്കു നിയാമകം വിവിധ ദിശകളെ ലക്ഷ്യംവച്ചുള്ള സമാനതകൾ തന്നെയാണ്. വൈവിധ്യപൂർണ്ണമായ ഈ സമാനതകളിൽ ആത്യന്തികലക്ഷ്യമെന്നോണം ഇതൾ വിരിയുന്നതു മനുഷ്യസ്നേഹവും ജീവിതത്തോടുള്ള സത്യസന്ധതയുമാണ്. ജീവിതത്തിലെ ബാഹ്യശോഭകളെയും അവയ്ക്കുള്ളിലെ കാപട്യങ്ങളെയും തിരിച്ചറിഞ്ഞ്, ആന്തരശോഭകളെ തേടിയവരാണിവർ. “നെഞ്ചുകീറി നേരിനെ കാട്ടാനുള്ള” വ്യഗ്രത വൈലോപ്പിള്ളിയെപ്പോലെ വാച്യമായി പ്രകടിപ്പിച്ചിട്ടില്ലെങ്കിലും ഇടശ്ശേരി എക്കാലവും ജീവിത സത്യങ്ങളെ തുറന്നുകാട്ടുന്നതിൽ നിഷ്ഠ പുലർത്തി. വൈലോപ്പിള്ളിക്കവിതയിലെ വിഷയവൈപുല്യം ഇടശ്ശേരിക്കവിതയ്ക്കില്ല. അതേസമയം വൈലോപ്പിള്ളിക്കവിതയ്ക്ക് അന്യമായ വിഷയങ്ങൾ ഇടശ്ശേരിക്കവിതയിലുണ്ടുതാനും. കേരളീയതയും ഭാരതീയതയും അന്തർദ്ദേശീയതയും വൈലോപ്പിള്ളിയിലെ കവിത്വത്തിനു പ്രചോദനമേകി. കേരളീയത്തനിമയും ഇന്ത്യൻ ദേശീയപ്രസ്ഥാനവും ദ്രാവിഡസംസ്കൃതിയും ബുദ്ധദർശനവും ഇടശ്ശേരിക്കു നിതാന്ത പ്രചോദനമായി. പുരാണങ്ങളും പുരാവൃത്തങ്ങളും നിദ്രാണമായിട്ടുള്ള ഭാരതമണ്ണിലെ പാരമ്പര്യസൗരഭ്യവും. ഗ്രാമീണ സംസ്കൃതിയുടെ തനിമയും വിശ്വമാനവന്റെ പുരോഗമനോന്മുഖമായ അന്തർബോധത്തിന്റെ വെളിച്ചവും അദ്ധ്വാനവർഗ്ഗത്തിന്റെ അനുഭവങ്ങളിൽനിന്നുയിരെടുക്കുന്ന വീര്യത്തിന്റെ അസ്തമിക്കാത്ത പൊലിമയും ഈ കവിതകളുടെ രചനയ്ക്ക് അന്തഃസ്രോതസ്സുകളായിരുന്നു. വൈലോപ്പിള്ളിക്കവിതയിലെ സ്ത്രൈണചേതനയും ഇടശ്ശേരിക്കവിതയിലെ പൗരുഷചേതനയും മലയാള കവിതയ്ക്കു വൈവിധ്യപൂർണ്ണമായ സൗന്ദര്യമേകി. ഇടപ്പള്ളി പ്രസ്ഥാനത്തിന്റെ മാസ്മരതയ്ക്കടിപ്പെടാതെ. ഈ കവികൾ വിചാരോദ്ഭൂതമായ വികാരങ്ങളിലൂടെ, തങ്ങളുടെ കവിത്വത്തെ നയിക്കുന്ന പാരമ്പര്യബോധവും പരിവർത്തനേച്ഛയും വ്യത്യസ്തശൈലികളിൽ പ്രകാശമാനമാക്കി. വൈലോപ്പിള്ളിക്കവിത അനുവാചകനു പ്രിയതമയെപ്പോലെ

സമാന്തരങ്ങളിലെ ചില സമാനതകൾ
ഡോ. സി.ആർ. സുശീലാദേവി
(കലാകൗമുദി ജനുവരി 18, 1998)

2

വഴങ്ങി നിന്നു. ഇടശ്ശേരിക്കവിതയിലെ ഏതാനും അംശങ്ങളെങ്കിലും. കൃത്യമായ വ്യാഖ്യാനത്തിനും അപഗ്രഥനത്തിനും പിടികൊടുക്കാതെ അനുവാചകനെ പ്രലോഭിപ്പിച്ചുകൊണ്ട് അന്വേഷണോത്സുകനാക്കി മാറ്റി. അദ്ധ്വാനവർഗ്ഗത്തിന്റെ ജീവിതദുരിതങ്ങളെപ്പറ്റി വൈലോപ്പിള്ളി പാടിയപ്പോഴും ജീവിതാനന്ദത്തിന്റെ പ്രത്യാശ മഴവില്ലുപോലെ പശ്ചാത്തലഭംഗിയണച്ചു. മനുഷ്യന്റെ കർമ്മശേഷിയിലും ഇച്ഛാശക്തിയിലും ഊറ്റംകൊണ്ടു മുന്നേറുന്ന അദ്ധ്വാനവർഗ്ഗത്തെപ്പറ്റി ഇടശ്ശേരി പാടിയപ്പോൾ, യാഥാർത്ഥ്യവും ആദർശവും തമ്മിലുള്ള വൈരുദ്ധ്യം മാത്രമല്ല, തിക്തയാഥാർത്ഥ്യങ്ങളിൽനിന്നുയിർക്കൊള്ളുന്ന പ്രായോഗികമായ ആദർശത്തിന്റെ വ്യതിരിക്തശക്തിയും മലയാളകവിതയുടെ മുഖകാന്തിയായിത്തീർന്നു. അങ്ങനെ നേട്ടം/നഷ്ടം. യാഥാർത്ഥ്യം/ആദർശം എന്നീ വിരുദ്ധദ്വന്ദ്വങ്ങൾ ഇരുവരുടെയും കവിതകളിലെ ചാലകശക്തിയായി മാറി.

ഇടശ്ശേരിയെയും വൈലോപ്പിള്ളിയെയും പോലെ ജീവിതത്തെയും മനുഷ്യനെയും ഇത്രമേൽ സേനേഹിച്ചാദരിച്ച കവികൾ നമുക്ക് അധികമില്ല. ഇവരുടെ ജീവിതസങ്കല്പത്തിന്റെയും കാവ്യാഭിവീക്ഷണത്തിന്റെയും അടിസ്ഥാനതന്തു മാനുഷികംതന്നെ. ആ തന്തുവിലാണ് ഈ കവികൾ സമൂഹാവബോധത്തിന്റെയും വ്യക്ത്യവബോധത്തിന്റെയും പരസ്പരപൂരകങ്ങളായ ഇഴകൾ ചേർത്തുവയ്ക്കുന്നത്.

മനുഷ്യനെ രാഗവും ജീവിതത്തെ താളവുമാക്കി ഇടശ്ശേരിയും വൈലോപ്പിള്ളിയും വിരചിച്ച കാവ്യലോകങ്ങളുടെ അന്തസ്സത്തയുടെ പ്രതിമാനങ്ങളായി മാറുന്ന പ്രയോഗങ്ങൾ അവരുടെ കവിതകളിലുണ്ട്. ഇടശ്ശേരിക്കവിതയിലെ 'തേരാളിയും തേരുരുളൊച്ചയും' വൈലോപ്പിള്ളിക്കവിതയിലെ 'പുള്ളുവനും വീണയും' ധ്വന്യാത്മകങ്ങളത്രേ. 'പഴയൊരു പുള്ളുവനാണല്ലോ ഞാൻ' എന്ന മനോഭാവം വൈലോപ്പിള്ളിയിൽ രൂഢമൂലമാണ്. ഇടശ്ശേരിക്കാകട്ടെ.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ.'

എന്ന കർമ്മോന്മുഖമായ കാഴ്ചപ്പാടാണുള്ളത്. പുള്ളുവനും തേരാളിയും വ്യാപരിക്കുന്ന മേഖലകൾ വ്യത്യസ്തങ്ങളാണെങ്കിലും കർമ്മത്തിലും ലക്ഷ്യത്തിലും സമാനതയുള്ളവരാണ്. പുള്ളുവൻ സ്വന്തം ആത്മാവിനെ അർപ്പിച്ചു പാടി ലോകത്തിന്റെ ആത്മാവിനെ ഉണർത്തുന്നു. തേരാളി ഭൗതികവും ആത്മീയവുമായ സർവ്വശക്തിയും സമർപ്പിച്ചു ലോകത്തെ ഉണർത്തിനയിക്കുന്നു. ലോകത്തിന്റെ ജാഗ്രത്തായ അവസ്ഥയ്ക്കു പുള്ളുവനും തേരാളിയും കൂടിയേ കഴിയൂ. പ്രത്യക്ഷത്തിൽ ഇവ വിരുദ്ധങ്ങളെന്നു തോന്നാമെങ്കിലും ഭൗതികതയുടെയും ആത്മീയതയുടെയും സാന്നിദ്ധ്യവും അവയുടെ സമന്വയത്തിലൂടെ ഉയിരെടുക്കുന്ന ഉദാത്തതയും ഈ പ്രതിമാനങ്ങളിൽ നിലീനമാണ്.

ഇടശ്ശേരിയിലെ തേരാളിയും വൈലോപ്പിള്ളിയിലെ പുള്ളുവനും ഉയിർനല്കുന്നത് ഇരുവരുടെയും വ്യക്തിത്വത്തിന്റേയും കവിത്വത്തിന്റെയും ആഴങ്ങളിൽ കുടികൊള്ളുന്ന ഒരേയൊരു ശക്തിയാണ് – കർഷകചേതന. ഭൂമിയെ സ്നേഹിച്ചും പ്രതിസന്ധികളിൽ തളരാതെയും ഇച്ഛാശക്തിയോടെ മല്ലിട്ടും ആത്മഭിമാനത്തോടെ മുന്നേറിയും മണ്ണിനെ വിളഭൂമിയാക്കുന്ന കർഷകന്റെ അന്യാദൃശമായ വീര്യവും വിശ്വാസവുമറ്റ ചേതന ഇവരുടെ കവിതകളിൽ അന്തര്യാമിയായ ശക്തിപോലെ തുടിക്കുന്നു. പാഠങ്ങൾ പറഞ്ഞുതരുന്നു പാരമ്പര്യത്തെ വിലമതിക്കാനും പരിവർത്തനത്തെ സ്വാഗതം ചെയ്യാനും വെമ്പുന്ന ഒരംശം കർഷക ചേതനയിൽ എന്നുമുണ്ടാവും അതായത്. പാരമ്പര്യത്തിന്റെ പ്രകാശവത്തായ അന്തസ്സത്തയോടുള്ള മമതയും പുരോഗമനോന്മുഖമായ പരിവർത്തനത്തോടുള്ള ആഗ്രഹവും കർഷക ചേതനയിലെ അന്യോന്യപൂരകങ്ങളായ മുഖ്യഭാവങ്ങളായിരിക്കും. 'ഞാനൊരു കർഷകനത്രേ' എന്ന് ഇടശ്ശേരി

തുറന്നു പറയുന്നു. വൈലോപ്പിള്ളിക്കാകട്ടെ, കവിയും കർഷകനും രണ്ടല്ല; കാവ്യരചനയും കർഷകവൃത്തിയും രണ്ടല്ല.

"ഉർവ്വിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ"
(കയ്പവല്ലരി)

എന്ന് ആനന്ദിക്കുന്ന വൈലോപ്പിള്ളി, "കവിയും കൃഷകനുമൃഷിയുമൊരാളിൽത്താൻ കതിർ ചൂടുന്ന" അസുലഭ കാഴ്ച ജി. ശങ്കരക്കുറുപ്പിനെ മുൻനിർത്തി 'കയ്പവല്ലരി'യിൽ കാട്ടിത്തരുന്നു. മാത്രവുമല്ല. 'കടലാസ്സരണ്യത്തിൽ വ്യാപരിക്കുന്ന കവികർഷകന്റെ ഹരിതമാം ഹർഷ'ത്തെപ്പറ്റി അദ്ദേഹം അഭിമാനം കൊള്ളുകയും ചെയ്യുന്നു. ഇടശ്ശേരിയുടെ "പ്രസ്താവന"(1953), വൈലോപ്പിള്ളിയുടെ 'കവിയും സൗന്ദര്യബോധ'വും (ഓണപ്പാട്ടുകാർ – 1952) എന്നീ ചെറുകവിതകൾ തങ്ങളിലെ കർഷകചേതനയിൽ ഊറ്റം കൊള്ളുന്ന ഈ കവികളുടെ 'സ്വക്ഷേത്രം' മനസ്സിലാക്കാൻ ഉതകുന്നു. വിപ്ലവബോധം പുലർത്തുന്ന കവികളെന്ന് ഇടശ്ശേരിയും വൈലോപ്പിള്ളിയും വിശേഷിപ്പിക്കപ്പെടുകയോ വിമർശിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇവരുടെ കവിതകളിലെ വിപ്ലവചിന്ത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടേതായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ആ കവിതകളിലെ മുദ്രാവാക്യപ്രായമായ ഏതാനും ഈരടികൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇത്തരം ധാരണകൾ രൂപപ്പെട്ടത്.

"അധികാരം കൊയ്യണമാദ്യം നാം
അതിനുമേലകട്ടെ പൊന്നാര്യൻ."
(പുത്തൻകലവും അരിവാളും)

"കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ"
(പണിമുടക്കം)

എന്നീ ഈരടികളിലെ വാച്യാർത്ഥം ഉയർത്തിപ്പിടിച്ചവർ ഇടശ്ശേരിക്കവിതയുടെ യഥാർത്ഥസത്തയെ വിഗണിക്കുകയായിരുന്നു. പല കവികളുടെയും ഇമ്മാതിരി ഈരടികൾക്കു മാത്രം ഉറ്റുനോക്കി. അവയ്ക്കു തൊട്ടു മുൻപും പിൻപുമുള്ള വരികൾ ശ്രദ്ധിക്കാതെ. കവികളെ വിപ്ലവ കവികളായി മുദ്രകുത്തുക എളുപ്പമാണ്. കവിയുടെ വിപ്ലവബോധം കവിതയിലെ വാച്യപ്രസ്താവനകളിലല്ല. പ്രമേയത്തിൽ അന്തഃസ്ഥിതമാണെന്ന് അറിയുന്നവർപോലും അത് മനപൂർവ്വം വിസ്മരിക്കാറുണ്ട്. 'അധികാരം കൊയ്യണ'മെന്നുള്ള കവിപ്രയോഗം മാത്രമല്ല. ആ ഈരടിക്കു മുമ്പുള്ള വരികളും ശ്രദ്ധിച്ചു നോക്കുക.

"ഒരുപിടി കൊള്ളക്കാർ കരുതിവച്ചുള്ളതാമധികാരത്തിൻ തണൽപറ്റി" വളരെക്കാലം നില്ക്കയാൽ ജീർണ്ണിച്ചു തുടങ്ങിയ വ്യവസ്ഥിതിയിൽ മാറ്റം വരണം: അതിനു മുന്നോടിയായി അധികാരത്തിന്റെ വിളവെടുപ്പിൽ കർഷകനും പങ്കാളിത്തം വേണം. ആ അധികാരപങ്കാളിത്തത്തിൽ കൊയ്ത്തിലെ ശക്തിയും ഒരുമയും കൂടിയേ കഴിയൂ. വർഗ്ഗസമരം സൃഷ്ടിപരമായ മാർഗ്ഗത്തിലൂടെ മുന്നേറി. അധികാരത്തിന്റെ നെന്മണികൾ കർഷകനും കൊയ്തെടുക്കുന്ന സന്ദർഭം സമാഗതമായിട്ടുവേണം വയലിലെ അദ്ധ്വാനത്തിന്റെ വിളവായ 'പൊന്നാര്യൻ' കൊയ്യേണ്ടത് എന്ന് ഇടശ്ശേരി വിവക്ഷിച്ചു. അധികാരത്തിന്റെ വിളവെടുപ്പിനുള്ള അർഹത അദ്ധ്വാനിക്കുന്നവന് ഉണ്ടെന്നുള്ള, നാമറിയേണ്ടതെങ്കിലും നമുക്കറിയാത്തതും. നാം വിഗണിക്കുന്നതുമായ, സാമൂഹിക സത്യത്തിലേക്കാണ് ഇടശ്ശേരിയുടെ ഈരടികൾ കൺതുറക്കുന്നത്.

'പ്രസ്താവന' എന്ന ചെറുകവിതയിൽ. കർഷകചേതനയോടുകൂടിയ കവിയെന്ന നിലയ്ക്കുള്ള തന്റെ നിലപാടുതറ ഇടശ്ശേരി വ്യക്തമാക്കിയിട്ടുണ്ട്. "ആനന്ദമേകസാരമായതും സഹൃദയവേദ്യവും സനാതനവും നാദബ്രഹ്മരസവുമായ" കവിതയുടെ പാരമ്പര്യത്തെപ്പറ്റി ഊറ്റം കൊള്ളുന്ന പണ്ഡിതൻ കവിയെ തിരുത്താൻ ശ്രമിച്ചു. ശാസിച്ചു.

"ആനന്ദമല്ലി ലക്ഷ്യം
കാവ്യകലയ്ക്കെന്തു നീ ധരിപ്പീല?
........................

.......................
ബീഡി തെരയ്ക്കും ചെക്കനു
കൂലി ഉഴുന്നോനു ഭൂമിയും കിട്ടാൻ
വേറെ മാർഗ്ഗം തേടൂ
കാവ്യകലയ്ക്കന്യമല്ലീ കർത്തവ്യം?"

ഈ അനുശാസനത്തിനു ഹാസ്യാത്മകമായ പുഞ്ചിരിയോടെ കവി പ്രതികരിക്കുന്നു.

"സഞ്ചിതവിജ്ഞാന ലതാ-
പ്പിഞ്ചിതളേ, നേരിതാരുമറിവീല
ഞാനൊരു കർഷകനത്രേ
നട്ടുവളർത്തുന്നു ഞാൻ കരിമ്പിവിടെ
മധുരം നിർവൃതിതരമുരു-
മാധി തുടിക്കുന്നുമുണ്ടിതിൻ തണ്ടിൽ"

കാവ്യലക്ഷ്യം നിർണ്ണയിക്കുന്ന മഹാപണ്ഡിതർ ധൃതികൂട്ടരുത്. കാലം അനന്തമാണ്. അതുകൊണ്ട്.

"എന്റെ കരിമ്പിൻതോപ്പിതു
മുച്ചൂടും മുടിയരാസ്വദിക്കട്ടെ;
തണ്ടു പഴുത്തതിലൊന്നോ
രണ്ടോ നാളേക്കു നിന്നു കുലകളിടും."

ആ കരിമ്പിൻകുലകളിലെ മാധുര്യം അന്നു സ്വീകാര്യമാകും എന്നു തന്നെ ഇടശ്ശേരി വിശ്വസിക്കുന്നു. വയലിലും പരുക്കൻമണ്ണിലും വിളയുന്ന കരിമ്പിന്റെ കർഷകനാണ് താൻ. ആ കരിമ്പിൻ മധു ഉണ്ണുന്നവൻ ദാഹമകറ്റി. ഉത്സാഹലഹരിയിൽ പാടും. അദ്ധ്വാനിക്കുന്നവന്റെ ആനന്ദവും പ്രചോദനവുമാണ് തന്റെ കാവ്യലക്ഷ്യം എന്നത് ഇടശ്ശേരിയിലെ സ്വാവബോധത്തിനു മാറ്റുകൂട്ടുന്ന ആത്മബോധമാണ്.

വൈലോപ്പിള്ളിക്കു ജീവിതവും കവിതയും വയലിനോടു ബന്ധപ്പെടുത്തി മാത്രമേ കാണാനാകൂ. സംഘബോധത്തിന്റെ ഉണർത്തുപാട്ടായ വയൽകൃഷിയും കൊയ്ത്തുമാണ് കവിക്കു ജീവിതവും കവിതയും.

"നിത്യവും ജീവിതം വിതയേറ്റി
മൃത്യു കൊയ്യും വിശാലമാം പാടം"
(കന്നിക്കൊയ്ത്ത്)

മാത്രമാണ് കവിക്കു ജീവിതം. ആ പാടമാകട്ടെ 'ഗ്രാമജീവിത കഥാനാടകഭൂവും' ലോകജീവിത കഥാനാടകഭൂവും'തന്നെയാണ്. അവിടെ വിളയുന്ന ജീവിതത്തിന്റെ വിളവ് മൃത്യുവിന്നേകുന്ന ജീവിതം പോലും.

"വിത്തൊരിത്തിരി വെയ്ക്കുന്നു വീണ്ടും
പത്തിരട്ടിയായ് പൊൻവിളയിക്കാൻ"

എന്നുള്ള ഭൗമസത്യത്തിന്റെ അനുസ്യൂതി കവിക്കറിയും 'പന്തങ്ങളും' 'സർപ്പക്കാടും', 'കന്നിക്കൊയ്ത്തും' മറ്റും രചിച്ച വൈലോപ്പിള്ളിയിൽ വിപ്ലവജ്വാല കണ്ടെത്തിയവരോടു കവി വ്യംഗ്യഭംഗിയിൽ സ്വയം വെളിപ്പെടുത്തുന്ന കവിതയാണ് 'കവിയും സൗന്ദര്യബോധവും' ഇടശ്ശേരിയുടെ പ്രസ്താവനയുമായി ചേർത്തുവച്ചു വായിക്കേണ്ട കവിതയാണിത്. കവിത അവസാനിക്കുന്നത് ഇങ്ങനെയാണ്.

"മാനവപ്രശ്നങ്ങൾ തൻ മർമ്മ കോവിദന്മാരേ,
ഞാനൊരു വെറും സൗന്ദര്യാത്മക കവി മാത്രം."

ഈ വാക്കിലെ വിപരീതലക്ഷണയും വ്യംഗ്യമായ ഹാസ്യവും തിരിച്ചറിയാത്തവർ വൈലോപ്പിള്ളി കേവലസൗന്ദര്യത്തിന്റെ കവിയാണെന്നു പറയാറുണ്ട്. 'സൗന്ദര്യാത്മകം' എന്ന കവിപ്രയോഗത്തിനു തനതായ വിപുലവും സൂക്ഷ്മവുമായ അർത്ഥധ്വനികളുണ്ട്. അതു മനസ്സിലാക്കുവാൻ അത്യന്തം ഉതകുന്ന സൂചന ഈ കവി 'കുടിയൊഴിക്ക'ലിൽ നല്കുന്നുണ്ട്. നമ്മളിൽ പലരും അതു ശ്രമിക്കാൻ മിനക്കെടാറില്ല.

“ഉജ്ജ്വലനിമേഷത്തിലെ ഹൃത്തിൻ
ദർശനങ്ങളെക്കൈ പകർത്തീടിൽ
ശുദ്ധമാക്കീടാമൂഴിയെയൊറ്റ-
ശ്ശുഭ്രപുഷ്പത്തിൻ നീഹാരനീരാൽ
പാരിൽ വെട്ടം വിതച്ചിടാ. മേക-
താരകത്തിൽ നിന്നേന്തിയ തീയാൽ
മർത്ത്യസൗന്ദര്യബോധങ്ങൾ പെറ്റ
മക്കളല്ലീ പുരോഗമനങ്ങൾ!”
(കുടിയൊഴിക്കൽ)

“സൗന്ദര്യാത്മക കവി മാത്രം” എന്ന നിരൂപദ്രവ പ്രതീതിയുള്ള പ്രയോഗത്തിൽ അന്തർലീനമായിട്ടുള്ള കവിവിവക്ഷയത്രയും ‘കുടിയൊഴിക്ക’ലിലെ ഈ വരികളുടെ പരഭാഗശോഭയിൽ സുവ്യക്തമാകുന്നു. “ഞാനൊരു സൗന്ദര്യാത്മക കവി മാത്രം” എന്നുള്ള മുൻകൂർ ജാമ്യത്തിനു തുടക്കം കുറിച്ചു വൈലോപ്പിള്ളി എഴുതിയ വരികൾകൂടി ശ്രദ്ധിച്ചാൽ കവിപ്രയോഗത്തിന്റെ മുഴുവൻ അർത്ഥതലങ്ങളും ഗ്രാഹ്യമാകും.

“കൂരിരുൾ ദഹിപ്പിക്കും ദീപനാളത്തിൻ ശോണ-
ധീര സുന്ദരമുഖം വാഴ്ത്തി ഞാൻ ഗാനം ചെയ്തേൻ.”

കവിയുടെ ഈ ഗാനം വ്യത്യസ്തങ്ങളായ മനുഷ്യാവസ്ഥകളെ പലവിധത്തിൽ സ്വാധീനിച്ചു. “ബാലമനസ്സിൽ അത്ഭുതമുണർന്നു. കാമുകചിത്തം പ്രതിസന്ധികളെ നേരിടാനുള്ള കരുത്താർജ്ജിച്ചു. ആസ്തികൻ ആകാശത്തിന്റെ അപാരതയിൽ വ്യാമുഗ്ദ്ധനായി; നൂറ്റാണ്ടുകളായി അജ്ഞതാപാരമ്പര്യം പേറുന്ന ദരിദ്രമായ ദാസ്യവർഗ്ഗത്തെ (അദ്ധ്വാനവർഗ്ഗം) ആ ഗാനം വിപ്ലവത്തിന്റെ ചോരയിലുണർത്തി” ഈ സത്യഗാനത്തിനെതിരേ മുഖം ചുളിച്ചവരോട്, തന്നിലെ കവിധർമ്മം മനസ്സിലാക്കാത്തവരോട് കവിക്കൊന്നേ ഓർമ്മിപ്പിക്കാനുള്ളൂ. മർത്ത്യന്റെ പുരോഗമനചിന്തയ്ക്കു മാതാവ് മർത്ത്യനിലെ സൗന്ദര്യബോധം മാത്രമാണ്. സമാന്തരമായ വീക്ഷണത്തോടെ ഇടശ്ശേരിയും വ്യക്തമാക്കിയിരിക്കുന്നു.

“എനിക്കു രസമത്യാസന്നോദയ-
വികാര വിപ്ലവദൃശ്യങ്ങൾ
അഗാധഹൃദയഹ്രദമഥനോത്ഥിത
സൗന്ദര്യപ്രതിഭാസങ്ങൾ”
(അമ്പാടിയിലേക്കു വീണ്ടും)

മാനവന്റെ ഹൃദയഹ്രദങ്ങളെ മഥിച്ചുയർത്തുന്ന ഭാവഭരിതമായ പരിവർത്തനദൃശ്യങ്ങൾ ഇടശ്ശേരിക്കും സൗന്ദര്യം തന്നെ.

ഇടശ്ശേരിയിലെ കർഷകചേതനയാണ് അദ്ദേഹത്തിന്റെ കവിതയിലെ പാരമ്പര്യബോധത്തെയും പരിവർത്തനേച്ഛയെയും നിർണ്ണയിക്കുന്ന ഒരു ഘടകം. പാരമ്പര്യം പകർന്ന ബോധങ്ങൾ വർത്തമാനപുരോഗതിക്ക് അനുകൂലമല്ലാതായാൽ അവയെ ‘പൊട്ടിയാട്ടുക’ തന്നെ കരണീയമെന്ന് ഇടശ്ശേരിയിലെ പോരാളിയും തേരാളിയുമായ കർഷകസത്തയ്ക്ക് ഉത്തമബോദ്ധ്യമുണ്ട്.

‘വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം”
(പൊട്ടി പുറത്ത് ശിവോതി അകത്ത്)

എന്നതിൽ ഇടശ്ശേരിക്കു വിട്ടുവീഴ്ചയില്ല. അന്ധമായ പാരമ്പര്യാഭിമാനം സൃഷ്ടിക്കുന്ന ഭവിഷ്യത്തുകൾ ഒട്ടൊരു നർമ്മത്തോടെ ഇടശ്ശേരി സൂചിപ്പിക്കുന്നു.

“ഹിമാലയം ദുസ്തരമെ-
ന്നെത്ര ചൊല്ലിപ്പഠിച്ചു നാം!

പുറത്തെള്ളു വിതയ്ക്കാറായ്
അവിടെച്ചാരിനില്ക്കയാൽ."
..................
ധൂർജ്ജടേ, നിൻ ജടാജൂട-
ജാതരാം വീരഭദ്രരാൽ
മഞ്ഞിൻമുടികളാലല്ല
ഭദ്രം ഭാരതമേദിനി."
(പൊട്ടി പുറത്ത് ശിവോതി അകത്ത്)

എന്നുള്ള യാഥാർത്ഥ്യത്തെ ആദർശബോധത്തിന്റെ അകമ്പടിയെന്യേ കാട്ടിത്തരാനാണ് ഇടശ്ശേരിക്ക് ഇഷ്ടം. പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളിലും ഗ്രാമീണ സംസ്കൃതിയിലും നിലീനമായിട്ടുള്ളതും അവ പ്രദാനം ചെയ്യുന്നതുമായ പാരമ്പര്യാവബോധം ഇടശ്ശേരിയെ സ്വാധീനിച്ചിട്ടുണ്ട്. പക്ഷേ അപ്പോളും പ്രസ്തുത പാരമ്പര്യസത്തയായി മാറുന്ന ജീവിതസത്യങ്ങളിലാണ് ഇടശ്ശേരിയുടെ ദൃഷ്ടി. ആ സത്യങ്ങൾ ക്രൗര്യവും കനിവും നിഗ്രഹാനുഗ്രഹശക്തികളും തന്നെ. "കാവിലെ പാട്ടി"ലെ ദേവിയിൽ ജഗദംബയുടെ വിരുദ്ധ ഭാവങ്ങൾ – ക്രൗര്യവും വാത്സല്യവും രക്തദാഹവും പാപബോധവും ആത്മപീഡനവും അനുഗ്രഹവാസനയും – ഇടശ്ശേരി കാണുന്നു. 'പൂതപ്പാട്ടിലെ പൂത സങ്കല്പത്തിനും ഈയൊരു മാനമുണ്ട്.

അലസമായ പാരമ്പര്യാഭിമാനം ഇടശ്ശേരിക്ക് അഭികാമ്യമല്ല. സ്വന്തം വീര്യത്തിൽ ഊറ്റംകൊള്ളുന്ന തേരാളിയായി മാറുന്ന കവിക്ക് അയത്നസുലഭമായ സുഖങ്ങൾ മടുപ്പത്രേ. കണ്ണീരു ജീവിതപലഹാരത്തിന്റെ ഉപ്പത്രേ."

"വിരോധിമാരേ, നിങ്ങൾക്കാ-
യാശംസിപ്പൂ ഞാനിവയെ.
വിശപ്പൊരിക്കലുമേല്പിക്കാത്തൊരു
വിശേഷ ഭക്ഷണവിഭവങ്ങൾ.
വിയോഗമെന്തെന്നറിയാനരുതാ-
ത്തവിഘ്നസിദ്ധപ്രണയങ്ങൾ.
ഒരിറ്റു നിണവും വീഴാതഴകോ-
ടൊഴിഞ്ഞുകിട്ടും വിജയങ്ങൾ!
(അമ്പാടിയിലേക്കു വീണ്ടും)

കവിയുടെ പാരമ്പര്യബോധത്തെ തുടികൊട്ടിയുണർത്തുന്ന പോരാളിയായ കർഷകന്റെ ചേതന ഈ വരികളിലുണ്ട്.

കുറേക്കൂടി സഹിഷ്ണുതയും ഗ്രാമീണത്തനിമയും ദ്യോതിപ്പിക്കുന്നതാണ് വൈലോപ്പിള്ളിയുടെ പാരമ്പര്യബോധം. "ജീവിതസംഭവങ്ങൾ എത്ര പുത്തനായാലും അവയിലെ മുഖ്യഭാവങ്ങളും വിശേഷങ്ങളും പുരാതനങ്ങളും ശാശ്വതങ്ങളുമാണ്" (കന്നിക്കൊയ്ത്ത്). "കേരളത്തിലെ ഒരു നാട്ടിൻപുറത്തു ജനിച്ചുവളർന്നതാണ് എന്റെ കവിതയുടെ ഏറ്റവും വലിയ ഭാഗ്യം" (വിത്തും കൈക്കോട്ടും) എന്നുള്ള വൈലോപ്പിള്ളിയുടെ പ്രസ്താവനകൾ കവിതയിലെ പാരമ്പര്യബോധത്തിന് ആമുഖമായി മാറുന്നു. "ഓണപ്പാട്ടുകളാണെൻ പാട്ടുകൾ" എന്നു ലാളിത്യംകൊള്ളുന്ന വൈലോപ്പിള്ളിയുടെ ആലാളിത്യത്തെ ഹരിതാഭമാക്കുന്നത്. ഭൂതകാല സംസ്കൃതിയുടെ മഹിമയുമായി ഇഴചേർന്ന പാരമ്പര്യബോധമാണ്. ഗതകാല സംസ്കൃതിയുടെ ശക്തിസൗന്ദര്യങ്ങളാകെ 'ഓണം' എന്നൊരൊറ്റ സങ്കല്പനത്തിൽ വൈലോപ്പിള്ളി വിളയിച്ചെടുക്കുന്നു. ഈ ഓണമാകട്ടെ, കവിക്ക് അഭിമാനം നല്കുന്ന മനുഷ്യമഹത്ത്വത്തിന്റെ പ്രതീകം തന്നെയാണ്. ഓണവും മഹാബലിയും മർത്ത്യജീവിതത്തിലെ സത്യസൗന്ദര്യങ്ങളായി എക്കാലവും കവി മനസ്സിൽ മരണമെന്യേ ജീവിക്കുന്നു. പൂർണ്ണത നേടാൻ വെമ്പുന്ന ദേവത്വമാണ് മനുഷ്യത്വമെന്നു വൈലോപ്പിള്ളി കരുതുമ്പോൾ. സ്വർഗ്ഗീയമായ ദേവത്വത്തിലും മീതെയാണ് മനുഷ്യത്വമെന്ന് ഇടശ്ശേരി ഊറ്റംകൊള്ളുന്നു. വിണ്ണിന്റെ പൂർണ്ണതയാണ് ഭൗമജീവിതമെന്നു വൈലോപ്പിള്ളി വ്യക്തമാക്കുമ്പോൾ വിണ്ണിലും മീതെയാണ് മർത്ത്യന്റെ ഭൗമതേജസ്സെന്ന് ഇടശ്ശേരി ബോദ്ധ്യപ്പെടുത്തുന്നു.

സമാന്തരങ്ങളിലെ ചില സമാനതകൾ
ഡോ. സി.ആർ. സുശീലാദേവി
(കലാകൗമുദി ജനുവരി 18, 1998)

7

ഈ സമാന്തരതയിൽ ദ്യോതിക്കുന്ന സമാനത. മനുഷ്യനിലെ സമ്പൂർണ്ണമായ ആത്മീയതയുടെ കാന്തിയാണ്. കേരളീയതയുടെ വേരുകൾ ആഴ്ന്നിറങ്ങിയ ദ്രാവിഡസംസ്കൃതിയുടെ കരുത്തിനെ മുൻനിർത്തിയാണ് ഇടശ്ശേരി ഇതു വിശ്വാസ്യമാക്കുന്നത്.

"ഇവിടെ സ്നേഹിപ്പാനിവിടെയാശിപ്പാൻ
ഇവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം."
(ആസ്സാം പണിക്കാർ)

എന്ന ഗൃഹാതുരത്വം കലർന്ന സ്നേഹവിധേയത്വം ഗ്രാമീണതയോട് ഇടശ്ശേരിക്കില്ല. ഗ്രാമീണന്റെ നിഷ്കളങ്കമായ വിധിവിശ്വാസവും വൈലോപ്പിള്ളിക്കവിതയിലുള്ളത്ര ഇടശ്ശേരിക്കവിതയിലില്ല. വിധിയെപ്പോലും പൗരുഷം കൊണ്ടും മനഃശക്തികൊണ്ടും തോല്പിക്കുന്നതിലാണ് ഇടശ്ശേരിക്കു താത്പര്യം. ജീവിതം കണ്ണീരാണ് നല്കുന്നതെങ്കിൽ ആ കണ്ണീരിനെയും ജീവിതത്തെ ആസ്വാദ്യമാക്കാൻ പര്യാപ്തമായ മറ്റൊരു കരുത്തായി മാറ്റാനേ ഇടശ്ശേരിക്കു കഴിയൂ. ഇടശ്ശേരിയെപ്പോലെ പരിവർത്തനത്തിനു വേണ്ടി ഉള്ളുതുറന്നു മോഹിക്കാൻ വൈലോപ്പിള്ളിക്കു സാദ്ധ്യമല്ല. പുരോഗതി പലപ്പോഴും സ്വച്ഛന്ദ ജീവിതഗീതത്തിന്റെ താളവും ലയവും നഷ്ടപ്പെടുത്താനിടയുണ്ടെന്നു വൈലോപ്പിള്ളിക്കു സന്ദേഹമുണ്ട്. പുരോഗതിയും പരിവർത്തനവും മാനുഷികമൂല്യങ്ങൾക്കുണ്ടാക്കിയ തകിടംമറിച്ചിൽ കണ്ടില്ലെന്നു നടിക്കാൻ വൈലോപ്പിള്ളിക്ക് ആവില്ല. 'യുഗപരിവർത്തന'ത്തിൽ ഈ സന്ദേഹവും സഹിഷ്ണുതയും നിശ്ശബ്ദതവേദനയും തുടിക്കുന്ന കവിമനസ്സുണ്ട്.

"ക്ഷമ ദുർബലതയായ്, നിയമം ചതിയായി
സമയം ധനമായി,ട്ടന്നമീശ്വരനായി
പ്രേമമൊരുമിനീരായ് കാണുവോർ, കായിൽപേരിൽ
പൂമതിക്കുവോർ, ഒന്നും പുണ്യമായെണ്ണീടാത്തോർ"- ഇങ്ങനെയൊരു പരിണതിയുടെ മുന്നിലകപ്പെടുമ്പോഴും.

"തിരുത്തപ്പെടാം നമുക്കെന്ന്" കവി പ്രത്യാശിക്കുന്നു. കാരണം പുരോഗതിക്കുവേണ്ടിയുള്ള മഹാസംരംഭത്തിന്റെ സംഘഗാനത്തിൽ പങ്കാളിയാകാൻ കവി തത്പരനാണ്. 'ഈടുവെപ്പുകൾ നഷ്ടപ്പെട്ടാലും പുതിയൊരു നാടിനുവേണ്ടിയുള്ള ദാഹം' കവിയിൽ ശക്തമാണ്. ഇത്രയും അകമഴിഞ്ഞ ഒരു സഹിഷ്ണുത ഇടശ്ശേരിക്ക് ഒന്നിനോടും സാദ്ധ്യമല്ല. "പൊട്ടി പുറത്ത് ശീവോതി അകത്ത്" എന്നതുതന്നെ ഇടശ്ശേരിയുടെ മനോഭാവം. എന്നാൽ വർദ്ധിതവീര്യമുള്ള തേരാളിയായി പുരോഗതിയെ ഉള്ളുണർന്ന് ആഗ്രഹിക്കുമ്പോഴും ഇടശ്ശേരിയിൽ ഒരു സന്ദേഹമുണ്ട്.

"പരിണാമം മൃഗത്തിനെ മർത്ത്യനാക്കി. നന്നായ് പക്ഷേ
തിരിച്ചടിയുണ്ടാവില്ലെന്നിനിയാർകണ്ടൂ?"
(ഒരുപിടി നെല്ലിക്ക)

ഈ സന്ദേഹത്തിലെ പ്രവചനസ്വരം നമ്മെ പിടിച്ചടക്കുന്നു.

പുതിയ തലമുറയെ ഗ്രസിച്ചിട്ടുള്ള ആലസ്യം ഇരുകവികളും മനസ്സിലാക്കുന്നുണ്ട്. ചുറ്റുപാടുകളോട് അനാസക്തനായി വയൽവരമ്പിലിരിക്കുന്ന (വൈലോപ്പിള്ളിക്കു വയൽ ലോകജീവിത കഥാനാടക ഭൂവാണെന്നോർക്കുക) പയ്യനെ കവി കാട്ടിത്തരുന്നു.

"എത്ര നിർവ്വികാരമിപ്പിതുതാം തലമുറ"
(കണ്ണീർപാടം)

ആത്മവിലാപ മട്ടിലുള്ള ഈ സ്വരമല്ല ഇടശ്ശേരിയുടേത്. വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ ഇടശ്ശേരി എഴുതുന്നു.

"എന്തു നേടീ,യറിയില്ലെന്നിളം തലമുറ പക്ഷേ,
എന്തു നഷ്ടപ്പെടാനുണ്ടെന്നറിഞ്ഞേ പറ്റൂ."
(ഒരുപിടി നെല്ലിക്ക)

ഇന്നലെയിലെ നേട്ടത്തെക്കുറിച്ച് അറിയില്ലെന്നു ഭാവിച്ചാലും ഇന്നത്തെയും നാളത്തെയും മാനവൻ നഷ്ടപ്പെടാനുള്ളതിനെക്കുറിച്ച് അറിയാൻ

ബാദ്ധ്യസ്ഥനാണ്. ഇരു കവികളും ആർദ്രതയെ ആദരിക്കുന്നുവെങ്കിലും ആർദ്രതയെപ്പറ്റി സമാന കാഴ്ചപ്പാടല്ല ഉള്ളത്.

മനുഷ്യനിലെ ആർദ്രതയുടെ ഉൽപത്തിസ്ഥാനം തീക്ഷ്ണവും പരുഷവുമായ വികാരങ്ങളാണെന്ന് ഇടശ്ശേരി കാട്ടിത്തരുമ്പോൾ വൈലോപ്പിള്ളിക്കു മനുഷ്യനിൽ ആർദ്രതയത്രേ അടിസ്ഥാന വികാരം.

"ജീവിതത്തെയെ?ന്തീ മൃതിയെയും
ദേവിയാർദ്രതയല്ലീ ഭരിപ്പൂ"
..........................
കനിവിന്റെ കണ്ണീർ കലരാത്ത കരളിന്റെ
കവിതയൊക്കെയും കപടമല്ലേ?"
(കുടിയൊഴിക്കൽ)

എന്നറിയുന്ന വൈലോപ്പിള്ളിക്ക് ആർദ്രതയെ ആദർശവൽക്കരിക്കാൻ പാടവമേറും. ക്രൗര്യത്തിന്റെ സന്തതിയായി മാത്രമേ കനിവിനെ ഇടശ്ശേരി കാണുന്നുള്ളൂ.

"വിജയിക്ക മേൽക്കുമേൽ ക്രൗര്യമേ സംസ്കാര
വിഭവത്തിലെന്നുടെ പൈതൃകം നീ."
(മുള്ളൻചീര)
"ക്രൂരതേ, നീതാനത്രേ ശാശ്വതസത്യം."
(പൂജാപുഷ്പം)

ഇവിടെ ഇടശ്ശേരി ഒരു വസ്തുത സ്പഷ്ടമാക്കുന്നു. ക്രൂരത എക്കാലവും ക്രൂരതയായി നിലകൊള്ളുന്നില്ല. അത് ആർദ്രതയായി പരിണമിച്ച് മർത്ത്യമഹത്ത്വം വിളിച്ചോതുന്നു. വ്യക്തിയിലെ ജന്തുസഹജമായ ക്രൗര്യം മാനവികതയ്ക്കു മുന്നിൽ കനിവായി മാറുന്നു. സ്നേഹവും വേദനയും ഇത്രമേൽ മധുരമാകാൻ കാരണം അവയ്ക്കു പിന്നിൽ ക്രൂരതയുടെ സാന്നിദ്ധ്യമത്രേ.

തിക്തമായ യാഥാർത്ഥ്യങ്ങളെ ആദർശവൽകരിച്ചു സംതൃപ്തി നേടാനുള്ള പ്രവണത വൈലോപ്പിള്ളിക്കുണ്ട്. യാഥാർത്ഥ്യം അതെത്ര പരുഷമായാലും അതേപടി കാട്ടിത്തരാനാണ് ഇടശ്ശേരി ഉദ്യുക്തനാകുക. ആദർശവും യാഥാർത്ഥ്യവും വിരുദ്ധ ധ്രുവങ്ങളിലാവുമ്പോൾ, വർത്തമാനസമൂഹത്തിൽ ആദർശത്തിന്റെ പ്രായോഗികതയ്ക്കാണ് പ്രസക്തിയെന്ന് ഇടശ്ശേരി കണ്ടറിഞ്ഞു. ആദർശങ്ങൾ പ്രായോഗികം കൂടിയാകുമ്പോഴേ അവ ആദർശങ്ങളെന്ന നിലയിൽ മൂല്യവത്താകുന്നുള്ളൂ. സാമൂഹികനന്മ ലക്ഷ്യം വയ്ക്കുന്ന കവിക്ക് ഇതു കണ്ടില്ലെന്നു നടിക്കാനാവില്ല.

ആദർശങ്ങൾ അപ്രായോഗികമാവുന്ന ദുരവസ്ഥ. യാഥാർത്ഥ്യത്തിനനുസരിച്ച് ആദർശത്തെ ഉപയോഗിക്കേണ്ടി വരുമ്പോഴുളവാകുന്ന അമർത്തിയ ചിരി. ആദർശത്തിനും തിക്തയാഥാർത്ഥ്യത്തിനും മദ്ധ്യേ നിലകൊള്ളുന്ന മനുഷ്യന്റെ നിസ്സഹായത-ഇവയെല്ലാം ഇടശ്ശേരിയുടെ 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലുണ്ട്. പരുഷവും തിക്തവും ഹിംസാത്മകവുമായ യാഥാർത്ഥ്യത്തിന്റെ പ്രതീകമാണ് 'നരി'. പലർക്കും പലപ്പോഴും നെഞ്ചിലേറ്റി ലാളിക്കാനല്ലാതെ പ്രായോഗികമാക്കാൻ കഴിയാതെ പോകുന്ന കേവലമായ ആദർശമാണ് ഈ കവിതയിലെ 'ബുദ്ധൻ'. ഇവയ്ക്കു മദ്ധ്യേ ഇരയുടെ നിസ്സഹായതയോടെ നില്ക്കേണ്ടി വരികയും സ്വന്തം പ്രായോഗികതകൊണ്ടു മാത്രം പ്രാണരക്ഷ നേടുകയും ചെയ്യുന്ന പ്രായോഗികമതിയായ മനുഷ്യന്റെ പ്രതീകമാണ് 'ഞാൻ'. ആദർശം എത്രമേൽ അമൂല്യമെങ്കിലും ജീവിത്തിന്, ഭൗതികരക്ഷയ്ക്ക് ഉതകാത്തതാണെങ്കിൽ അതു പരിഹാസ്യമാകുന്നത് ഇടശ്ശേരി കാണാതിരിക്കുന്നില്ല.

"അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ?'

എന്ന ആദ്യവരിയിലെ ഹാസ്യം സത്യസന്ധതയും ആത്മവിശകലനവും കൂടിച്ചേർന്നതാണ്. ഇതാകട്ടെ.

"നരി വന്നാൽ – വന്നോട്ടെ. സുപരീക്ഷിതങ്ങളെൻ.
ചരണങ്ങൾ ഞാനൊരു പെണ്ണല്ലല്ലോ!"

**സമാന്തരങ്ങളിലെ ചില സമാനതകൾ**
**ഡോ. സി.ആർ. സുശീലാദേവി**
(കലാകൗമുദി ജനുവരി 18, 1998)

9

എന്ന ആത്മവിശ്വാസത്തിൽ പുതിയൊരു ഉൾക്കാഴ്ചയ്ക്കു നിദാനമാകുന്നു. ബുദ്ധപ്രതിമകൊണ്ടാണെങ്കിലും നരിയെ എറിഞ്ഞ് ഓടിച്ചു സ്വയം രക്ഷ നേടുന്നവന്റെ പ്രായോഗികതയാണ് ജീവിതസത്യമെന്ന് ഇടശ്ശേരി കരുതുന്നു. ഭഗവദ്ഗീതയിലെ കർമ്മസിദ്ധാന്തം കവിക്കും സ്വകാര്യമെന്നു കരുതേണ്ടിയിരിക്കുന്നു.

ജീവിതം നല്കുന്ന ആഹ്ലാദങ്ങളുടെ പിന്നാലെ വിധിയുടെ ദൗഷ്ട്യവും സൗന്ദര്യത്തിന്റെ പിന്നാലെ വൈരൂപ്യവും വസന്തവായുവിനു പിന്നാലെ വസൂരി രോഗാണുക്കളും പുള്ളിമാനിനു പിന്നാലെ പുള്ളിപ്പുലിയും ഉണ്ടെന്നു കാട്ടിത്തരുന്ന വൈലോപ്പിള്ളി ഇക്കാര്യത്തിൽ ഇടശ്ശേരിയുടെ സമാന്തരധാരയാണ്. മനുഷ്യന്റെ ഭാഗധേയത്തെ തട്ടിത്തെറിപ്പിക്കുന്ന വിധിയുടെ ദൗഷ്ട്യത്തെ തിരിച്ചറിഞ്ഞു വേദന ഉള്ളിലൊതുക്കുമ്പോഴും മർത്ത്യജീവിതത്തിന്റെ ആനന്ദത്തെ അനുഭവിച്ചാദരിച്ച വിജയിയുടെ ഭാവം വൈലോപ്പിള്ളിയിലുണ്ട്. മനുഷ്യന്റെ ഇച്ഛാശക്തിക്കു മുമ്പിൽ പരാജയപ്പെടാൻ നിയുക്തമായ വിധിയെ മർത്ത്യനെക്കാളും താഴെയായി മാത്രമേ ഇടശ്ശേരി കാണുന്നുള്ളൂ. ഏതു പൗർണ്ണമിയെയും പിന്തുടരുന്ന അമാവാസിയെപ്പറ്റി ബോധവാനായിരുന്നിട്ടും പൗർണ്ണമിയെപ്പറ്റി പാടാനാണ്, ആ പാട്ടിൽ അമാവാസിയെ വ്യഞ്ജിപ്പിച്ചു പൗർണ്ണമിയുടെ പ്രകാശമഹിമ അനുഭൂതമാക്കാനാണ് വൈലോപ്പിള്ളി സന്നദ്ധനായത്. ഏത് അമാവാസിയിലും. അങ്കച്ചുവടു വശമുള്ള പോരാളിയുടെ നിർബാധമായ ഇച്ഛാശക്തി പൗർണ്ണമി സൃഷ്ടിക്കുമെന്നു ബോദ്ധ്യപ്പെടുത്താൻ ഇടശ്ശേരിക്കു കഴിഞ്ഞു. ഇരുവരും ഇക്കാര്യത്തിൽ ആത്യന്തികമായി എത്തിനിന്നതു മർത്ത്യശക്തിയിലാണ്.

വൈലോപ്പിള്ളിക്കവിതയ്ക്കു ഗതകാല സംസ്കൃതി ഗൃഹാതുരത്വത്തിന്റേതായ മാനസികോർജ്ജമായി ഭവിച്ചു. അതുൾക്കൊണ്ട്, വർത്തമാനത്തെ ആ കവിത സഹിഷ്ണുതയോടെ അഭിമുഖീകരിച്ചു. ഭാവിയെ പ്രത്യാശയോടെ ഉറ്റുനോക്കി. ഇടശ്ശേരിക്കവിതയിൽ ഗതകാല സംസ്കൃതിയിലെ സ്വീകാര്യസത്തയും വർത്തമാനതിക്തതയും ഇന്നിന്റെ കരുത്തായി മാറി. ആ കരുത്തോടെ വിട്ടുവീഴ്ചയെന്യേ ഇടശ്ശേരി ഭാവിയെയും വർത്തമാനമാക്കി മാറ്റി. ഇരുവർക്കും സ്വായത്തമായ വർഗ്ഗബോധം ഇക്കാര്യത്തിൽ മാർഗ്ഗദർശനമേകി.

(കലാകൗമുദി – ജനുവരി 18, 1998)